പതിനഞ്ചാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
24-03-2025

ധനകാര്യം

ഭരണഘടനാ വ്യവസ്ഥകളും സഭയുടെ നടപടിക്രമങ്ങളും ലംഘിക്കുന്നത് സംബന്ധിച്ച്

2025 മാർച്ച് 24-ന് നിയമനിർമ്മാണകാര്യത്തിൽ, 2025-ലെ കേരള ധനവിനിയോഗ (2-ാംം നമ്പർ) ബിൽ അവതരിപ്പിക്കുന്നതിന് മുമ്പായി, ധനവിനിയോഗ ബില്ലിലൂടെ നിയമസഭ പാസ്സാക്കി നൽകുന്ന തുകയാണ് സർക്കാരിന് വിനിയോഗിക്കാൻ അനുവാദമുള്ളതെന്നിരിക്കെ, നിയമസഭയുടെ അനുമതിയില്ലാതെ തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ അവ എത്രയുംവേഗം നിയമസഭയിൽ സമർപ്പിച്ച് ക്രമീകരിക്കണമെന്നാണ് ഭരണഘടനയുടെ അനുച്ഛേദം 205 (ബി) വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും എന്നാൽ, അതനുസരിച്ച് 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ അധികമായി ചെലവാക്കിയ തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ലെന്നും 2016 മുതൽ 2020 വരെയുള്ള കാലയളവിലെ അധികരിച്ച തുക ക്രമീകരിച്ചത് 10-07-2024-നാണെന്നും അത് ശരിയായ രീതിയല്ലെന്നുമാണ് അക്കൗണ്ടന്റ് ജനറൽ വ്യക്തമാക്കിയിട്ടുള്ളതെന്നും എക്സസ് ഗ്രാന്റുകൾ അതത് സാമ്പത്തിക വർഷംതന്നെ ക്രമീകരിക്കണമെന്ന് 2023-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കെ യഥാസമയം ക്രമീകരിക്കുന്നതിൽ വീഴ്ചവരുത്തിയിരിക്കുകയാണെന്നും നിയമസഭ അറിയാതെ തുക അനുവദിക്കാനും ചെലവഴിക്കാനുമുള്ള അധികാരം എക്സിക്യൂട്ടീവിനില്ലെന്നും അമിതാധികാര പ്രയോഗമാണ് എക്സിക്യൂട്ടീവ് നടത്തിയിരിക്കുന്നതെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ഭരണഘടനാ വ്യവസ്ഥകൾക്കും നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും ഭരണഘടനയുടെ അനുച്ഛേദം 205(ബി) പ്രകാരം സംസ്ഥാന നിയമസഭകൾ പാസ്സാക്കി നൽകുന്ന ബജറ്റിനുപരിയായി ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ സർക്കാർ ചെലവഴിക്കുന്ന അധിക തുക സഭ മുമ്പാകെ കൊണ്ടുവന്ന് ക്രമവത്കരിക്കേണ്ടതുണ്ടെന്നും അപ്രോപ്രിയേഷൻ അക്കൗണ്ടുകൾ സി.&എ.ജി. സഭയിൽ സമർപ്പിച്ചുകഴിഞ്ഞാൽ അവ പരിശോധിച്ച് അധികമായി ചെലവഴിച്ച തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളെ അറിയിക്കുകയും ഭരണ വകുപ്പുകൾ പ്രസ്തുത അധിക ചെലവിന്റെ കാരണങ്ങളും സാഹചര്യങ്ങളും സംബന്ധിച്ച് വിശദമായ കുറിപ്പുകൾ സഹിതം രണ്ടുമാസത്തിനകം ധനകാര്യ വകുപ്പിന് നൽകുകയും ധനകാര്യ വകുപ്പ് അതിന്മേലുള്ള കൃത്യത ഉറപ്പുവരുത്തി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് മടക്കിനൽകുകയും ചെയ്യുന്നതായും തുടർന്ന് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്കുശേഷം ഭരണ വകുപ്പുകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് സമർപ്പിക്കുന്ന അന്തിമ ശിപാർശ പരിശോധിച്ച് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അധികമായി ചെലവഴിക്കുന്ന തുക ക്രമീകരിക്കുന്നതിന്റെ ഭാഗമായി അധിക ധനാഭ്യർത്ഥന നിയമസഭയുടെ ബജറ്റ് സമ്മേളനത്തിലോ സാധ്യമെങ്കിൽ തൊട്ടടുത്ത സമ്മേളനത്തിലോ അവതരിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇപ്രകാരം നടപടി സ്വീകരിച്ചുകൊണ്ട് നാളിതുവരെ പി.എ.സി. ശിപാർശ ചെയ്ത എല്ലാ അധിക ചെലവുകളും ക്രമപ്പെടുത്തിയിട്ടുണ്ടെന്നും നടപടിക്രമങ്ങളിൽ സ്വാഭാവികമായ കാലതാമസമുണ്ടാകുന്നുണ്ടെന്നും 2020-21, 2021-22, 2022-23 വർഷങ്ങളിൽ നിയമസഭ പാസ്സാക്കിയ തുകയ്ക്കുപുറമെ ചെലവാക്കിയ അധിക തുക ക്രമപ്പെടുത്തുന്നതിനുള്ള പി.എ.സി.-യുടെ ശിപാർശ നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് അത്

ക്രമപ്പെടുത്തുന്നതാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിലല്ല, മറിച്ച് ഗ്രാന്റുകളുടെ പരിശോധന പൂർത്തിയാക്കി പി.എ.സി. ശിപാർശ ചെയ്യുന്ന മുറയ്ക്കാണ് ഗ്രാന്റിനുപരിയായി ചെലവഴിച്ച തുക ക്രമപ്പെടുത്തുന്നതെന്നും ഓരോ ഗ്രാന്റും സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആ ഗ്രാന്റുമായി ബന്ധപ്പെട്ട അധിക തുക ക്രമീകരിക്കുകയാണ് ചെയ്തുവരുന്നതെന്നും അതിനാലാണ് ഒരു സാമ്പത്തിക വർഷമുണ്ടായ അധിക ചെലവ് പൂർണ്ണമായും ക്രമപ്പെടുത്താൻ സാധിക്കാത്തതെന്നും നിലവിലെ നടപടിക്രമങ്ങളും ഉത്തരവുകളും പാലിച്ചാണ് അധിക ഗ്രാന്റ് നിയമസഭ മുമ്പാകെ അവതരിപ്പിച്ച് ക്രമീകരിച്ചിട്ടുള്ളതെന്നും ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

നിയമസഭ അനുവദിച്ച ധനാഭ്യർഥനകളിൽനിന്നും അധികരിക്കുന്ന തുകകൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾ ചെലവഴിക്കുന്നപക്ഷം അപ്രകാരം അധികമായി ചെലവഴിച്ച തുക ക്രമവത്കരിക്കുന്നതിന് നിയമസഭയിൽ വ്യക്തമായ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. അത്തരം നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുതന്നെയാണ് കഴിഞ്ഞ കാലങ്ങളിൽ അധിക ധനാഭ്യർഥനകളെ സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. സി.&എ.ജി.-യുടെ അപ്രോപ്രിയേഷൻ അക്കൗണ്ടുകൾ പ്രകാരം നിയമസഭയുടെ മുമ്പാകെ വരുന്ന അധികരിച്ച ചെലവുകൾ സംബന്ധിച്ച നിർദേശങ്ങൾ ക്രമീകരിക്കുന്നതിന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചുമതലകളും ഉത്തരവാദിത്വങ്ങളും കാലതാമസം വരുത്താതെ നിർവഹിച്ചുവരുന്നുണ്ട്. ബജറ്റിനെ അധികരിച്ച ചെലവുകൾ നടപടിക്രമങ്ങൾ പാലിച്ച് ക്രമവത്കരിക്കുന്ന കാര്യത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിതലത്തിലോ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ തലത്തിലോ അകാരണമായ കാലതാമസമോ വീഴ്ചകളോ ശ്രദ്ധയിൽപ്പെടാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം

+.

നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്തു.